8. 7.50 ലക്ഷം രൂപയുടെ നിരതദ്രവ്യം.

(സി) രേഖകൾ സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതി 21-7-99 രേഖകൾ നൽകിയ തീയതി 20-7-99.

(ഡി) ഇല്ല. രേഖകൾ നൽകുവാൻ കാലതാമസം വരുത്തിയിട്ടില്ല ആവശ്യമായ സ്പെസിഫിക്കേഷനുകൾ പൂർണ്ണമായും അനുയോജ്യമായതല്ല എന്ന കാരണത്താലാണ് കെൽട്രോണിന് ഓർഡർ നഷ്ടപ്പെട്ടത്.

(ഇ) ഉദ്ദേശം 2 കോടി രൂപ.

9 (565) വ്യവസായ വികസനത്തിന് മാസ്റ്റർ പ്ലാൻ

ശ്രീ. വി.സി. കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ് സോഫറ്റ്വെയർ വ്യവസായങ്ങൾ വിപുലീകരിക്കുവാനുള്ള എന്തെങ്കിലും പദ്ധതിയുണ്ടോ?

(ബി) ജപ്പാൻ, സ്വിറ്റ്സർലാന്റ് തുടങ്ങിയ രാജ്യങ്ങളിലെ മാതൃകയിൽ ചെറുകിട ഇലക്ട്രോണിക്സ് വ്യവസായ സ്ഥാപനങ്ങളുടെ വ്യാപനം നടത്തുവാനും ചെറുകിട വ്യവസായസ്ഥാപനങ്ങളിലെ ഉൽപ്പാദകർക്ക് പരിശീലനവും നൽകാനും സബ്സിഡിയോടെ അസംസ്കൃത വസ്തുക്കൾ നൽകുവാനും ഉൽപ്പന്നങ്ങൾ സർക്കാർ ഏജൻസികളിലൂടെ വിപണനം നടത്തുവാനും ഉള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ?

(സി) ലാഭകരമാക്കാൻ നിവൃത്തിയില്ലാത്ത പൊതുമേഖലാ വ്യവസായ ശാലകളെ മറ്റു രൂപത്തിലുള്ള വ്യവസായശാലകളാക്കി കൺവർട്ട്ചെയ്യാൻ ഉള്ള ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുമോ?

ഉത്തരം

(എ) ഇലക്ട്രോണിക്സ്-സോഫ്റ്റ്വെയർ വ്യവസായങ്ങളുടെ പുരോഗതിക്കുതകുന്ന പരിപാടികളടങ്ങിയ സമഗ്രമായ ഒരു ഇൻഫർമേഷൻ ടെക്നോളജി നയരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി)&(സി) ഇക്കാര്യങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

10 (566) പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

ശ്രീ. എൻ.ആർ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ പൂട്ടിക്കിടക്കുന്നുണ്ട്;

(ബി) ഈ സ്ഥാപനങ്ങൾ ഓരോന്നും എന്നു മുതൽക്കാണ് പൂട്ടിക്കിടക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനങ്ങൾ പൂട്ടിയിടാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇവ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള ശ്രമങ്ങൾ വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(ഡി) കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിൽ വരുന്നവ അനുബന്ധം I-ലും പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചവ അനുബന്ധം II-ലും നൽകിയിരിക്കുന്നു.†

11 (567) പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിന് നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ :
പ്രൊ. മീനാക്ഷി തമ്പാൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടച്ച് പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) സംസ്ഥാനത്ത് പൊതുമേഖലയിലും സഹകാര്യ വ്യവസായ മേഖലയിലും എത്ര വ്യവസായ സ്ഥാപനങ്ങൾ വീതം പൂട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനങ്ങളിൽ ഓരോ വിഭാഗത്തിലും എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും ഈ തൊഴിലാളികൾക്ക് എന്തൊക്കെ സഹായമാണ് നൽകിവരുന്നതെന്നും വിശദമാക്കുമോ?

ഉത്തരം

(എ)-(സി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളായ ചാലക്കുടി റിഫ്രാക്ടറീസ്, മന്നം കോ-ഓപ്പറേറ്റീവ് ഷുഗേഴസ് ലിമിറ്റഡ് എന്നിവ പൂട്ടിക്കിടക്കുകയാണ്. ഇവയിലെ ജീവനക്കാർക്കെല്ലാം വി.ആർ.എസ്. നൽകിക്കഴിഞ്ഞു. മറ്റൊരു സ്ഥാപനമായ തിരുവനന്തപുരം സ്പിന്നിംഗ് മിൽസ് ഇപ്പോൾ ലേ-ഓഫിലാണ്. പുനരുദ്ധരിക്കുന്നതിന് നടപടിയെടുത്തുവരുന്നു. സഹകാര്യ മേഖലയിലെ 4228 ചെറുകിട വ്യവസായ യൂണിറ്റുകൾ ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. അവ പുനരുദ്ധരിക്കുന്നതിന് നിലവിലുള്ള പദ്ധതി തുടരുന്നു. കൂടാതെ സിക്ക് യൂണിറ്റിന്റെ പുനരുദ്ധാരണത്തിനായി പുതിയൊരു പദ്ധതിയും ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കിറ്റ്കോയിലെ പ്രോഗ്രാം ഓഫീസർമാർ ഈ യൂണിറ്റുകൾ സന്ദർശിക്കുകയും ബാങ്കുമായി ബന്ധപ്പെട്ട് ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തിരം ആവശ്യമെങ്കിൽ സാദ്ധ്യതാ റിപ്പോർട്ടുകൾ തയ്യാറാക്കി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നു. ഇവയിലെല്ലാം കൂടി ഏകദേശം 15,000-ത്തോളം തൊഴിലാളികൾ ജോലി ചെയ്തിരുന്നു. കെ.എസ്. ഐ.ഡി.സി.യുടെ പരിധിയിൽപ്പെട്ട സഹകാര്യ മേഖലയിലെ 40 സ്ഥാപനങ്ങൾ ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. അവയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.+

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly